# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തൊടിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി.8/2019/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 15/10/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ്.കെ.എൽ.എം.പി.8/2019/2025 തീയ്യതി: 15/10/2025

## കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മണിലാൽ | ഡെപ്യൂട്ടി ഡയറക്ടർ | 10-09-2025 | 20-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-09-2025 | 20-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ലാലു ആർ.,ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീജ എസ്സ്.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജശ്രീ സി.ആർ.,സീ.ഗ്രേ.ഓഡിറ്റർ
ശ്രീമതി രശ്മി വി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 22-08-2024 |
| ശ്രീമതി ബിന്ദു വിജയകുമാർ | പ്രസിഡന്റ് | 09-09-2024 | 31-03-2025 |
| ശ്രീ.സി. ഡെമാസ്റ്റൻ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനിത.കെ.കെ | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. പ്രവീൺ പി കൃഷ്ണൻ | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി കാർത്തിക എച്ച്.എസ് | കൃഷി ഓഫീസർ | 01-04-2024 | 16-12-2024 |
| ശ്രീമതി ഗംഗ ആർ. | കൃഷി ഓഫീസർ | 17-12-2024 | 31-03-2025 |
| ഡോ.അനീഷ്യ എ. പ്രസാദ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ.ശ്രീകുമാർ എസ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ.ശ്രീലക്ഷ്മി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീമതി റാണി.കെ.ശ്രീധർ | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2024 | 16-12-2024 |
| ശ്രീമതി ഗംഗ ആർ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-12-2024 | 31-03-2025 |
| ഡോ.ബൈജുഷ | സീ.വെറ്റിനറി സർജൻ | 01-04-2024 | 30-04-2024 |
| ഡോ. വിനീത ദിവാകർ | വെറ്റിനറി സർജൻ | 01-05-2024 | 20-07-2024 |
| ഡോ.ഗാഥ ജി. | സീ.വെറ്റിനറി സർജൻ | 23-07-2024 | 31-03-2025 |
| ശ്രീമതി ബീന എസ് . | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 03-02-2025 |
| ശ്രീമതി ഹാഷിറ ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-02-2025 | 31-03-2025 |
| ശ്രീമതി അജിതകുമാരി കെ. | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി രഹ്ന ആർ | വി.ഇ.ഒ. | 01-04-2024 | 31-03-2025 |
| ശ്രീമതി റാഹിലത്ത് ബീവി | വി.ഇ.ഒ. | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടുകളിലെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-6 |
| 8 | വാർഷികധനകാര്യപത്രികയിലെ വരവ്- ചെലവ് ഷെഡ്യൂളുകളിലെ തുകകളും ബാങ്ക് അക്കൌണ്ടിലെ വരവ്,ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ലോണിന്റെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തൊഴിൽനികുതി- അപാകതകൾ | 1-11 |
| 20 | അൺഎയിഡഡ് സ്കൂളുകളുടെ വസ്തു നികുതി ഈടാക്കിയില്ല | 1-12 |
| 21 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-13 |
| 22 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-14 |
| 23 | വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു. | 1-15 |
| 24 | അധിക നിർമ്മിതിയ്ക്ക് വസ്തു നികുതി നിർണ്ണയിച്ചില്ല | 1-16 |
| 25 | ഹരിതകർമ സേനകൾക്ക് സംരംഭം തുടങ്ങുന്നതിന് സബ്സിഡി - സംരംഭങ്ങൾ ആരംഭിച്ചില്ല -ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക തിരികെ അടവാക്കി - ഓഡിറ്റ് ഇംപാക്ട് | 1-17 |
| 26 | സ്രോതസ്സിൽ നിന്നും ജിഎസ്ടി കുറവ് ചെയ്തില്ല. | 1-18 |
| 27 | എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്- റെഗുലർ കോഴ്സ് സാധൂകരിക്കുന്ന രേഖ ലഭ്യമാക്കിയില്ല | 1-19 |
| 28 | മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി - അപാകതകൾ | 1-20 |
| 29 | പുന്നമൂട് മുക്ക് കൊച്ചു പ്ലാവിള മുക്ക് നടപ്പാത നിർമ്മാണം-പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു | 1-21 |
| 30 | വീട് അറ്റകുറ്റപ്പണി-എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-22 |
| 31 | മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്-ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-23 |
| 32 | ബൊക്കാഷി ബക്കറ്റ് വിതരണത്തിലെ അപാകതകൾ | 1-24 |

| | | |
|---|---|---|
| 33 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-വീടുകൾ പൂർത്തീകരിച്ചില്ല. | 1-25 |
| 34 | ഡെപ്പോസിറ്റ് വർക്ക് -വിനിയോഗസർട്ടിഫിക്കറ്റ്,നിർവ്വഹണഏജൻസിയുമായിട്ടുള്ള കരാർ രേഖകൾ എന്നിവ ഹാജരാക്കിയില്ല | 1-26 |
| 35 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു | 1-27 |
| 36 | ജൽജീവൻ മിഷൻ അവലോകനം | 1-28 |
| 37 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23.05.2025 തീയതിയിലെ 2(1) തീരുമാനം പ്രകാരം അംഗീകരിച്ച് 03.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 15.10.2025

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

1. ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സ്റ്റോക്കിന്റെ മൂല്യം വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ച അഡ്വാൻസുകളുടെ വിവരം, വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ പത്രിക-തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.
ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 4,22,78,292/- രൂപ
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 54,69,462/- രൂപ

**1-1-4 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം-സുലേഖ സ്റ്റേറ്റുമെന്റിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.**

2024-25 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ എ.സി.ആർ. പ്രകാരമുള്ള ചെലവും AFS ചെലവിന് തുല്യമായ തുക വരവായി ബുക്ക് ചെയ്തതും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരമുള്ള ചെലവ് I-6 ൽ വരവായി കണക്കാക്കിയ ചെലവ് തുക+Capital Contribution | | Acr പ്രകാരമുള്ള ചെലവ് + സ്രോതസ്സിൽ കുറവ് ചെയ്ത തുക | വ്യത്യാസം | അപാകത |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | I-6 | 26755486/- | 29113340/- | 24935/- | എ.സി.ആർ ബിൽ നം 709/28.03.25 പ്രകാരം 6,600/- രൂപ,<br>ബിൽ നം 710/28.03.25 പ്രകാരം 16,875/-രൂപ,<br>ബിൽ നം 718/28.03.25 പ്രകാരം 1,460/-രൂപ, എന്നിവ ട്രഷറിയിൽ 2024-25ൽ പേയ്മെന്റ് ആയിട്ടില്ല. ആയത് എ സി ആർ ക്യാൻസൽ ചെയ്യുന്നില്ല |
| | Capital Contribution | 2332919 | | | |
| | ആകെ | 29088405/- | | | |

**1-1-5 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടുകളിലെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

B-4 ഷെഡ്യൂളിൽ ഹെൽത്ത് ഗ്രാന്റ് -ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് സപ്പോർട്ട് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ടചർ, ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് കൺവേർഷൻ ഓഫ് പിഎച്ച്.സി ആന്റ് സബ്സെന്റേഴ്സ് ഇൻ ടു ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്നിവയിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുകയും B17 ഷെഡ്യൂളിലെ ബന്ധപ്പെട്ട അക്കൌണ്ടുകളിലെ തുകയും പൊരുത്തപ്പെടുന്നില്ല, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ അക്കൌണ്ടിൽ നിന്നും ചെലവഴിക്കേണ്ട 92,544/- രൂപ ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് സപ്പോർട്ട് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ടചർ അക്കൌണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**1-1-6 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.**

1) B18 ഷെഡ്യൂളിലെ Advance To Implementing Agencies-Deposit With Ground Water Department, (Head 460500204) പ്രകാരമുള്ള ബാലൻസ് തുകയിൽ പ്രോജക്ട് നം. 128/25, കുഴൽ കിണർ നിർമ്മാണം തൊടിയൂർ നോർത്ത് വാർഡ് 10 വേങ്ങറ വാർഡ്-12 നഗര സഞ്ചയ പദ്ധതിയ്ക്കായി ചെലവഴിച്ച 6,00,000/-രൂപയും, പ്രോജക്ട് നം. 188/25, തൊടിയൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ളം ഗവ. ആയുർവേദാശുപത്രിയിൽ- കുഴൽ കിണർ നിർമ്മാണം നഗര സഞ്ചയ പദ്ധതിയ്ക്കായി ചെലവഴിച്ച 5,36,000/- രൂപയും ഉൾപ്പെട്ടിട്ടില്ല.
2) B18 ഷെഡ്യൂളിലെ Festival Advance (Head 460100101) പ്രകാരമുള്ള ബാലൻസ് തുകയിൽ തൻവർഷം അടവാക്കാനുണ്ടായിരുന്ന 2,000/- രൂപ ഉൾപ്പെട്ടിട്ടില്ല.

**1-1-7 വാർഷികധനകാര്യപത്രികയിലെ വരവ്- ചെലവ് ഷെഡ്യൂളുകളിലെ തുകകളും ബാങ്ക് അക്കൌണ്ടിലെ വരവ്,ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല.**

1) തൊഴിലുറപ്പ് പദ്ധതി- RP30 പ്രകാരം 2044974/- രൂപ വരവും I14(F) പ്രകാരം 2044049/- രൂപ ചെലവും ഉണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 2045890/- രൂപയും ചെലവ് 2044965/- രൂപയുമാണ്. ബാങ്ക് അക്കൌണ്ടിൽ പലിശയിനത്തിൽ 458/- രൂപ രണ്ട് പ്രാവശ്യം (ആകെ- 916/-രൂപ വ്യത്യാസം) വരവ്- ചെലവ് കാണിച്ചതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത്.

2) റൂറൽ ഹൌസിംഗ് ലൈഫ് സ്റ്റേറ്റ് ഷെയർ വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് 11,00,000/- രൂപയും

വരവ്- 98,00,000/- രൂപയും ചെലവ്- 72,79,000/- രൂപയും നീക്കിബാക്കി 639/- രൂപയുമാണ്, വ്യത്യാസമുള്ള 36,20,361/- രൂപ തെറ്റായി വരവ് വന്ന കെയുആർ ഡിഎഫ് സി ലോൺ തുകയാണ്. ആയത് ബന്ധപ്പെട്ട അക്കൌണ്ടിൽ ക്രമീകരിച്ചിട്ടുണ്ട്.

**1-1-8 ലോണിന്റെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല**

ലോണിന്റെ എ.സി.ആർ. പ്രകാരം മുന്നിരിപ്പ്- 9438256/- രൂപ ഉൾപ്പെടുത്തിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടില്ല. ലോണിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

**1-2 ബജറ്റ്**

08.02.2024 ലെ 2 ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 11.02.2025 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 44145069/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 202320396/-രൂപ |
| ആകെ | 246465465/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 196850934/-രൂപ |
| നീക്കിയിരിപ്പ് | 49614531/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1895459/-രൂപ |

**1-4 ഗ്രാന്റ് വിനിയോഗം**

ഗ്രാന്റ് വിനിയോഗം

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 29173000/- | 29173000/- | 29113340/- | 59660/- |
| വികസന ഫണ്ട്-എസ്. സി. പി. | 0 | 1,75,73,000/- | 1,75,73,000/- | 14899191/- | 2673809/- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 28214000/- | 28214000/- | 27835548/- | 378452/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 7844000/- | 7844000/- | 7621601/- | 222399/- |
| സിഎഫ് സി-ടൈഡ് ബാങ്ക് | 21,03,764/- | 11237000/- | 13340764/- | 3597756/- | 9743008/- |
| സിഎഫ് സി-ടൈഡ്- ട്രഷറി | 0/- | 2970647/- | 2970647/- | 630259/- | 2340388/- |
| സിഎഫ് സി-അൺടൈഡ്- ബാങ്ക് | 19,26,698/- | 5203763/- | 7130461/- | 4140000/- | 2990461/- |
| സിഎഫ് സി-അൺടൈഡ്- ട്രഷറി | 0/- | 193954/- | 193954/- | 193954/- | 0/- |

മറ്റ് അക്കൗണ്ടുകൾ-സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ | 11,00,000/- | 9800000/- | 10900000/- | 7279000/- | 639/- |
| സാക്ഷരത | 2,994/- | 118/- | 3,112/- | 59/- | 3053/- |
| കാവുകളുടെ സംരക്ഷണം | 2,50,810/- | 0 | 2,50,810/- | 0 | 2,50,810/- |
| റിക്കവറീസ്-കോവിഡ് | 1,74,400/- | 0 | 1,74,400/- | 0 | 1,74,400/- |
| നഗര സഞ്ചയ | 0 | 1991244/- | 1991244/- | 693772/- | 1297472 |
| ഹോമിയോപ്പതി-ക്യാപിറ്റൽ | 5,00,000/- | 0 | 5,00,000/- | 0 | 5,00,000/- |

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ഐസിഡിഎസ് | 43,91,195/- | 6781699/- | 11172894/- | 3363661/- | 7809233/- |
| റ്റിഎസ് സി & ശുചിത്വ മിഷൻ | 11,54,403/- | 24381/- | 1178784/- | 1082849/- | 95935/- |
| ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 6,41,126/- | 582595/- | 1223721/- | 558660/- | 665061/- |
| ഹെൽത്ത് ഗ്രാന്റ്-വെൽനസ് സെന്റർ | 3,51,522/- | 873680/- | 1225202/- | 338027/- | 887175/- |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ തുക (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 40,39,81,349/- | 170 | 17,69,56,166/- | 26 | 49 | 69.38 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 113/- | 2044974/- | 2045087/- | 2044049/- | 1038/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 67887399/- | 67887399/- | 67887399/- | 0 |
| ആകെ | 113/- | 69932373/- | 69932486/- | 69931448/- | 1038/- |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 27,11,200/- |
| വാർദ്ധക്യകാല പെൻഷൻ | 5,68,67,700/- |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1,06,52,600/- |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ | 7,01,800/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,18,79,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.25, 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5067/- രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഭരണനിർവ്വഹണത്തിലും ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും ഭരണസമിതിയും ഉദ്യോഗസ്ഥരും തമ്മിൽ ഏകോപനത്തോടെയുള്ള പ്രവർത്തനം ഉണ്ടായിട്ടുണ്ട്.
പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് പര്യാപ്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നതായി വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/02/2023 | 2022 ഒക്ടോബർ മുതൽ 2022 ഡിസംബർ വരെ | 17/03/2023 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/02/2019 | 2009-10-2013-14 | 05/03/2020 |

## 1-11 തൊഴിൽനികുതി- അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.
1. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പഞ്ചായത്തിലെ 3 റേഷൻ റീട്ടെയിൽ വ്യാപാരികൾ ഒഴികെ മറ്റുള്ളവർ, സ്വകാര്യ വാഹന ഉടമകൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ഡേറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

2. തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ 27.06.2024ലെ 1149/2024/എൽ.എസ്.ജി.ഡി നമ്പർ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച തൊഴിൽനികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികളിൽ നിന്നും രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി, വരുമാനത്തിനനുസൃതമായി നിശ്ചയിക്കപ്പെട്ട സ്ലാബ് പ്രകാരം ഈടാക്കിയിട്ടില്ല.

| ജീവനക്കാരുടെ പേരു വിവരം | അർദ്ധ വർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|
| ശ്രീ. അജിൻ എ. | 107600/- | 180/- | 1000/- | 820/- |
| ശ്രീമതി ജ്യോതിലക്ഷ്മി | 136400/- | 300/- | 1250/- | 950/- |
| ശ്രീ. അമൽ അജയൻ | 107600/- | 180/- | 1000/- | 820/- |
| ശ്രീ. അഭിന്ദ് എസ്. | 107600/- | 180/- | 1000/- | 820/- |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മേൽ വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 19/18.09.25

## 1-12 അൺഎയിഡഡ് സ്കൂളുകളുടെ വസ്തു നികുതി ഈടാക്കിയില്ല

സർക്കാരിന്റെ 28.03.2023 തിയ്യതിയിലെ നമ്പർ 15 (2) ലെഗ് എ 2/2023/നിയമം ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ്, കേരള മുൻസിപ്പാലിറ്റി ആക്ട് 235 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലംവരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ശ്രീബുദ്ധ സെൻട്രൽ സ്കൂളിന്റെ ടി പി 5/269,ടി പി 5/270 എന്നീ നമ്പർ കെട്ടിങ്ങൾക്ക് മാത്രമേ നികുതി ഈടാക്കിയിട്ടുള്ളു. സ്കൂൾ പ്രവർത്തിക്കുന്ന 7305.92 M2 കെട്ടിടത്തിന് നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വൈ.എം.എം സെൻട്രൽ സ്കൂളിന്റെ വസ്തുനികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, മേൽ സ്കൂൾ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിന് നടപടി തുടർന്ന് വരികയാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-19/18.09.25

## 1-13 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശക നിലനിൽക്കുന്നു.

പഞ്ചായത്തിലെ 11 ാം വാർഡിൽ പ്രവർത്തിക്കുന്ന ഇൻഡസ് ടവേഴ്സിന്റെ (കെട്ടിട നമ്പർ-697) തൻവർഷത്തെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വസ്തുനികുതി 35797/- രൂപ, ലൈബ്രറി സെസ്സ് 1790/- രൂപ എന്നിവ ഉൾപ്പെടെ 37587/- രൂപ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, കുടിശ്ശിക ഈടാക്കുന്നതിന് ആർ.ആർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-24/19.09.25

## 1-14 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ, ആലപ്പുഴയ്ക്ക് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | നൽകിയ തുക(രൂപ | പ്രെഫോർമ ഇൻവോയ്സ്/ബിൽ നം/ തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 2/25 -ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ | 200000/- | PRF NO- 304-25.08.24, 1/24-24,14.11.24 | 7949/- Inv No- C-368/11.06.2025 | 68459/ |
| | | | 123592/- LF-3179/31.03.25 | |
| | | | ആകെ 131541 | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹68459 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് എൻട്രി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-5/10.09.25

## 1-15 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.23ലെ 25/2023 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ പരിഷ്ക്കരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങൾക്കും ബാധകമായ നിരക്ക് പരിഷ്ക്കരിച്ച് പഞ്ചായത്ത് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ താഴെ പറയുന്ന പാർപ്പിട, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന് അനുസൃതമായ നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം (ച.മീ). | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക(രൂപ) |
|---|---|---|---|---|---|---|---|---|
| 1 | 2/890 | ഇർഷാദ് എ.,ഇർഷാദ് മൻസിൽ | 839.19 | 300 M2 നു താഴെ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ 8/- രൂപ വാർഷിക വർദ്ധനവ് 5% ഉൾപ്പെടുത്തി 8.4 രൂപ നിരക്ക് പ്രകാരം 7049 | | 300 M2 നു മുകളിൽ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ 10 രൂപ വാർഷിക വർദ്ധനവ് 5% ഉൾപ്പെടുത്തി 10.5 രൂപ നിരക്ക് പ്രകാരം 8811/- | | 1762/- |
| 2 | 2/891,2/892 | ജസിനി,ദീന, മഠത്തിൽ കിഴക്കതിൽ | 161.32 | 100 M2 വരെ സുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ 60രൂപ നിരക്ക് പ്രകാരം (തൻവർഷം അടിസ്ഥാന വസ്തു നികുതിയിൽ 5% വർദ്ധനവോടെ 63 രൂപയായതിൻ പ്രകാരം) 2/891(74.49)-4693/- 2/892(86.83)-5470/- | 10163/- | 100 M2 നു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിനു ബാധകമായ 70 രൂപ നിരക്ക് പ്രകാരം (തൻവർഷം അടിസ്ഥാന വസ്തു നികുതിയിൽ 5% വർദ്ധനവോടെ 73.5 രൂപയായതിൻ പ്രകാരം) 2/891-5475 2/892-6382 | 11857/- | 1694/- |

കൂടാതെ 2/891, 2/892 നമ്പർ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ള പുതിയകാവ്-ചിറ്റുമല റോഡിന്റെ സൈഡിലാണ്. എന്നാൽ വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവും ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന മറുപടി നൽകി. ക്രമ നമ്പർ 1, 2 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിനു ബാധകമായ നിരക്ക് പ്രകാരവും ക്രമ നമ്പർ 2 കെട്ടിടത്തിനു വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് ഉൾപ്പെടുത്തിയും നികുതി പുനർ നിർണ്ണയിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/19.09.25

**1-16 അധിക നിർമ്മിതിയ്ക്ക് വസ്തു നികുതി നിർണ്ണയിച്ചില്ല**

2/891, 2/892 എന്നീ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിനുള്ള 2/617 നമ്പർ എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ പ്രകാരം റഷീദ് ലബ്ബ, പടനിലത്ത്, പുലി.വടക്ക് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2/617 കെട്ടിടത്തിന്റെ തറവിസ്തൃതി 203.16 M2 ആണ്. എന്നാൽ സഞ്ചയ പ്രകാരം മേൽ കെട്ടിടത്തിന്റെ 92.5 M2 ഭാഗത്തിനു മാത്രമേ നികുതി ഈടാക്കിയിട്ടുള്ളൂ. 110.66 M2 ഭാഗത്തിനു നികുതി ഈടാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്, മേൽ കെട്ടിടത്തിന് 10 വർഷത്തിലേറെ പഴക്കമുണ്ടെന്നും സ്ഥല പരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധിക നിർമ്മിതി ക്രമവൽക്കരിച്ചതിന്റെയും നികുതി പുനർ നിർണ്ണയിച്ചതിന്റെയും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നമ്പർ-24/19.09.25

**1-17 ഹരിതകർമ്മ സേനകൾക്ക് സംരംഭം തുടങ്ങുന്നതിന് സബ്സിഡി - സംരംഭങ്ങൾ ആരംഭിച്ചില്ല - ഓഡിറ്റ് നിർദേശത്തെ തുടർന്ന് തുക തിരികെ അടവാക്കി - ഓഡിറ്റ് ഇംപാക്ട്**

പദ്ധതി : എസ് ഓ 81/25- ഹരിതകർമ്മ സേനകൾക്ക് സംരംഭം തുടങ്ങുന്നതിന് സബ്സിഡി

അടങ്കൽ – 5,00,000/- (വികസന ഫണ്ട് - 50000, തനത് ഫണ്ട് - 325000, സ്വയം വഹിക്കുന്നത് - 125000)

ചെലവ് – 1,87,500/- (തനത് ഫണ്ട് - വൗച്ചർ നം 22401674/27.03.25 )

ഉൽപ്പാദന മേഖലയിലുൾപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ, സ്വന്തം വിഹിതം ഉൾപ്പെടെയുള്ള പദ്ധതി ചെലവിന്റെ 75% സബ്സിഡി നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഹരിത, ലക്ഷ്യ എന്നീ സംരംഭക ഗ്രൂപ്പുകളെ തെരഞ്ഞെടുത്തു. ഹരിത സംരംഭക ഗ്രൂപ്പ് കാറ്ററിംഗിന്റെ ഭാഗമായി വിളമ്പു യൂണിറ്റ് തുടങ്ങുവാൻ ലക്ഷ്യമിടുകുകയും കേരളാ ബാങ്കിന്റെ കരുനാഗപ്പള്ളി ശാഖയിൽ നിന്ന് 150000/- രൂപ 12.03.25 ൽ ലോൺ എടുക്കുകയും (അക്കൗണ്ട് നം 112812801200202) ചെയ്തിട്ടുണ്ട്. ലക്ഷ്യ സംരംഭക ഗ്രൂപ്പ് ഇനോക്യുലം വിതരണം ചെയ്യുന്ന യൂണിറ്റ് തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരുന്നത്. കേരളാ ബാങ്കിന്റെ കരുനാഗപ്പള്ളി ശാഖയിൽ നിന്ന് 1,00,000/- രൂപ 12.03.25ൽ ലോൺ എടുക്കുകയും (അക്കൗണ്ട് നം 1128128012200458) ചെയ്തിട്ടുണ്ട്. സബ്സിഡിയിനത്തിൽ ഹരിത സംരംഭക ഗ്രൂപ്പിന് 1,12,500/- രൂപയും ലക്ഷ്യ സംരംഭക ഗ്രൂപ്പിന് 75000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇരു ഗ്രൂപ്പുകളും നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഇരു ഗ്രൂപ്പുകളും സബ്സിഡിയിനത്തിൽ കൈപ്പറ്റിയ തുക ഗ്രാമപഞ്ചായത്തിലേക്ക് തിരികെ അടവാക്കിയിട്ടുണ്ട് (രസീത് നം R – G020106 – 25003364, G020106 – 25003366/19.09.25) പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ആയത് പ്രാവർത്തികമാക്കുവാൻ പ്രാപ്തിയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പ്രവർത്തനം മോണിട്ടറിംഗ് സമിതി കൃത്യമായി മോണിട്ടർ ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 09/ 15.09.25

**1-18 സ്രോതസ്സിൽ നിന്നും ജിഎസ്ടി കുറവ് ചെയ്തില്ല.**

CGST ആക്ട് 2017ലെ വകുപ്പ് 51 (1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷം രൂപയിൽ കവിയുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ബില്ലിൽ നിന്നും ഒരു ശതമാനം തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST ആക്ട് 2017ലെ വകുപ്പ് 51 (1)ലും സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനത്തിൽ ആകെ രണ്ട് ശതമാനം തുക കുറവ് ചെയ്യേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രോജക്ടുകളുടെ ബില്ലിൽ നിന്നും ജി എസ് ടി - ടി ഡി എസ് കുറവ് ചെയ്തതായി കാണുന്നില്ല.

| പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | ബിൽ തുക |
|---|---|---|
| പ്രോ നം എസ് ഓ 129/ 25 എസ് സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ലാപ്ടോപ്പ് | LEGENDARY DISTRIBUTORS | 833800 |
| പ്രോ നം 133/ 25 വയോജനങ്ങൾക്ക് കട്ടിൽ | ARTCO | 302005 |
| പ്രോ നം 130/ 25 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | TRITECH TRADERS | 323924 |
| പ്രോ നം 07/ 25 എസ് സി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ലാപ്ടോപ്പ് | LEGENDARY DISTRIBUTORS | 712443 |

മേൽ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ സൂചിപ്പിച്ച നിർവഹണ ഏജൻസികൾ ജി എസ് ടി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ 2.5 ലക്ഷം രൂപയിൽ കവിയുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും ബില്ലിൽ നിന്നും രണ്ട് ശതമാനം ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 20/18.09.25.

**1-19 എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്- റെഗുലർ കോഴ്സ് സാധൂകരിക്കുന്ന രേഖ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | Soo15/25, എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ് |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി.)- 1400000<br>ബ്ലോക്ക് പഞ്ചായത്ത്- 500000<br>ആകെ- 1900000 |
| ചെലവ് | വികസന ഫണ്ട് (എസ്.സി.പി.)- 1245000<br>ബിൽ നം. 4/22.02.25- 275000<br>ബിൽ നം. 8/15.03.25- 290000<br>ബിൽ നം.9/15.03.25 - 315000<br>ബിൽ നം.10/18.03.25- 150000<br>ബിൽനം.11/25.03.25- 215000<br>ബ്ലോക്ക് പഞ്ചായത്ത്- 0<br>ആകെ- 1245000 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ശ്രീ. ബിബിൻ ബാബു, കുന്നിത്തറയിൽ തൊടിയൂർ നോർത്ത് എന്ന വിദ്യാർത്ഥിയ്ക്ക് KAMS -Educations Logistics And Supply Chain Management ൽ പഠിച്ചതിന്റെ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 15000/- രൂപ (ബിൽ നം.4/22.02.25) ധനസഹായം നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് റെഗുലർ കോഴ്സ് ആണെന്നുള്ളതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കോഴ്സ് ഒരു വർഷത്തെ റെഗുലർ കോഴ്സ് ആണെന്ന മറുപടി ലഭ്യമാക്കി. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.
ആയതിനാൽ നൽകിയ 15000/- രൂപ തടസപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 15/18-09-2025
തടസ്സപ്പെടുത്തുന്ന തുക -15000/- രൂപ

**1-20 മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി - അപാകതകൾ**

പദ്ധതി : 157/ 25- മിനി മാസ്റ്റ്,ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി.

അടങ്കൽ – 5,00,000 (തനത് ഫണ്ട്)

ചെലവ് – 5,00,000/- (ചെക്ക് നം 6986306/ 08.07.24)

കരാറുകാരൻ- ശ്രീ അനിൽകുമാർ കെ (PAC – 415085)

കരാർ 72/ AE/ LID & EW / TDR/ 2024 – 25/16.03.24

മേൽ പദ്ധതി പ്രകാരം മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി രൂപ 5,00,000/- ചെലവഴിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മിനി മാസ്റ്റ് ലൈറ്റുകൾ സംബന്ധിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. മിനി മാസ്റ്റ് ലൈറ്റുകൾ സംബന്ധിക്കുന്ന രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക 5,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നംപർ 06/11.09.25

**1-21 പുന്നമൂട് മുക്ക് കൊച്ചു പ്ലാവിള മുക്ക് നടപ്പാത നിർമ്മാണം-പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു**

പദ്ധതി : 170/25- പുന്നമൂട് മുക്ക് കൊച്ചു പ്ലാവിള മുക്ക് നടപ്പാത നിർമ്മാണം.

അടങ്കൽ – 6,00,000/- (തനത് ഫണ്ട്)

ചെലവ് – 309310/- (ചെക്ക് നം 6986308/ 30.07.24)

കരാറുകാരൻ - ശ്രീ അതിനൻ ബി (PAC – 4,72,388)

കരാർ 53/ AE/ LID & EW / TDR/ 2024 – 25/29.01.24

4 മാസം പൂർത്തീകരണ കാലാവധിയിൽ 08.02.2024ൽ ആരംഭിച്ച പ്രവൃത്തി നാളിതു വരെയായി പൂർത്തീകരിച്ചു കാണുന്നില്ല. പാർട്ട് ബിൽ ഇനത്തിൽ 309310/- രൂപാ കരാറുകാരന് നൽകിയ മേൽ പ്രവൃത്തി

14.08.25ലെ 14/3 തീരുമാന പ്രകാരം പ്രവൃത്തി പൂർത്തീകരണം സാധ്യമല്ലാത്തതിനാൽ ഉപേക്ഷിച്ചതായാണ് കാണുന്നത്. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പദ്ധതി പ്രദേശത്ത് പൂർണമായും ഓട നിർമ്മിച്ചതിനു ശേഷം റോഡ് പ്രവൃത്തി ചെയ്താൽ മതിയെന്ന പ്രദേശവാസികളുടെ ആവശ്യം ഫണ്ടിന്റെ അപര്യാപ്തത കാരണം സാധ്യമായിട്ടില്ലെന്നും പാർട്ട് ബില്ലിനത്തിൽ കരാറുകാരന് രൂപ 309310/- നൽകിയിട്ടുണ്ടെന്നും റോഡ് കോൺക്രീറ്റുമായി ബന്ധപ്പെട്ട് GSB പാകിയതിന്റെ തുക കരാറുകാരന് നൽകുവാനുണ്ടെന്നും നിലവിൽ പദ്ധതി ഉപേക്ഷിച്ചതായും അറിയിച്ചിട്ടുണ്ട്. കൃത്യമായ സ്ഥല സന്ദർശനം നടത്താതെയും പ്രദേശവാസികളുടെ ആവശ്യങ്ങൾ മനസിലാക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുവാൻ കാരണമായിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള പ്രവണത ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ 08/ 12.09.25

## 1-22 വീട് അറ്റകുറ്റപ്പണി-എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) | ബിൽ നം./തീയതി |
|---|---|---|---|
| 271/25-വീട് അറ്റകുറ്റപ്പണി | 34,50,000/-<br>(വികസനഫണ്ട്-എസ്.സി.പി) | 6,50,000/- | 611/21.3.25<br>624,634,635/21.3.25,<br>642,643/23.3,25<br>658/24.3.25<br>697/26.3.25<br>698/26.3.25 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഓവർസിയർ നൽകിയ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് തുക ഗുണഭോക്താവിന് നൽകിയിരിക്കുന്നത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം 84/2022/തസ്വഭവ തീ.19.4.22) പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി, തുടർന്ന് വരുന്ന പ്രോജക്ടുകളിൽ ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.22/18.9.25

## 1-23 മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്-ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| 232/25-മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 100000/-<br>തനത്ഫണ്ട് | 100000/- | 586/22.1.25 |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 100000/- രൂപ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് മറുപടിയായി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.22/18.9.25

## 1-24 ബൊക്കാഷി ബക്കറ്റ് വിതരണത്തിലെ അപാകതകൾ

| പ്രോജക്ട് നം./പേര് | അടങ്കൽ (₹) | ചെലവു തുക (₹) |
|---|---|---|
| 202/25- ബൊക്കാഷി ബക്കറ്റ് | 796544 (704000- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 79654-ഗുണഭോക്തൃവിഹിതം) | 795200/-(XVFC/24-25 /P/79തീ21.3.25) |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. INV/24/05076dt 13.12.24 പ്രകാരം 280 ബൊക്കാഷി ബക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവിധ വാർഡുകളിലെ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ അവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ടെന്ന് എൻക്വയറിക്ക് മറുപടിയായി അറിയിച്ചു. പ്രോജക്ടിൽ ഉൾപ്പെടുത്തി സാധനസാമിഗ്രികൾ വാങ്ങുമ്പോൾ ആയത് സ്റ്റോക്കിൽ ഉൾപ്പെടുത്തേണ്ടതും വിതരണരേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.22/18.9.25

**1-25 ലൈഫ് ഭവന നിർമ്മാണ പദ്ധതി-വീടുകൾ പൂർത്തീകരിച്ചില്ല.**

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വിവരം ലൈഫ് ഭവന പദ്ധതി രജിസ്റ്റർ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

പൊതുവിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി/ ആദ്യ ഗഡു അനുവദിച്ച തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | ശ്രീമതി ജലജ കുമാരി, ജിത്തുഭവനം | 17.06.23 | 2,00,000/- |
| 2 | ശ്രീമതി ബുഷറ ബീവി, കണ്ണമ്പള്ളിൽ | 26.06.23 | 40,000/- |
| 3 | ശ്രീമതി ശോഭന, വൈശ്യം പറമ്പിൽ | 26.06.23 | 2,00,000/- |
| 4 | ശ്രീ വിശ്വംഭരൻ, വിനീത് ഭവനം | 31.07.23 | 40,000/- |
| 5 | ശ്രീമതി സുഗത, ചുണ്ടാന തെക്കതിൽ | 31.07.23 | 40,000/- |
| 6 | ശ്രീമതി അമ്പിളി കുമാരി, കപ്പത്തൂർ കിഴക്കതിൽ പുത്തൻവീട് | 07.08.23 | 40,000/- |
| 7 | ശ്രീ ബിജു ആർ, ശാന്ത, പൊയ്കതടായിൽ | 25.09.21 | 40,000/- |
| 8 | ശ്രീമതി മിനി മോൾ, ബാബു, അരുൺ ഭവനം | 30.05.22 | 2,00,000/- |
| 9 | ശ്രീമതി സുകേശിനി, രജീഷ് ഭവനം | 30.05.22 | 40,000/- |
| 10 | ശ്രീമതി ഹസീന, അബ്ദുൾ സലാം, ഭഗവതി കോളനി | 30.05.22 | 1,43,000/- |
| 11 | ശ്രീ ഷറഫുദ്ദീൻ, നരിഞ്ചി കോളനി | 01.07.22 | 40,000/- |
| 12 | ശ്രീമതി ഉഷാ രവികുമാർ, ചാങ്ങയിൽ വടക്കതിൽ | 06.10.22 | 3,00,000/- |
| 13 | ശ്രീമതി മുബീന സജീർ, കാക്കന്റയ്യത്ത് | 10.05.23 | 2,00,000/- |
| 14 | ശ്രീമതി സരസ്വതി അമ്മ, നിതീഷ് ഭവനം | 03.04.24 | 40,000/- |

എസ് സി വിഭാഗം

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാർ തീയതി/ ആദ്യ ഗഡു അനുവദിച്ച തീയതി | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| 1 | ശ്രീമതി സരോജിനി, താരാ ഭവനം, കല്ലേലി ഭാഗം | 17.08.18 | 40,000/- |
| 2 | ശ്രീമതി സുജാത, അഷ്ടപദി, കല്ലേലിഭാഗം | 13.09.18 | 40,000/- |
| 3 | ശ്രീമതി സുജിത, വിശ്വനാഥൻ, പച്ചംകുളത്ത് കിഴക്കതിൽ, പുലി. കിഴക്ക് | 21.12.18 | 40,000/- |
| 4 | ശ്രീമതി ശാലിനി, ശിവൻകുട്ടി, അരീപ്പുറത്ത്, കല്ലേലിഭാഗം | 10.06.21 | 40,000/- |
| 5 | ശ്രീമതി കൃഷ്ണമ്മ, പൗലോസ്, പ്ലാമൂട്ടിൽ കിഴക്കതിൽ | 21.06.23 | 2,60,000/- |
| 6 | ശ്രീമതി പ്രിയ, വിജയലാൽ | 21.02.22 | 3,00,000/- |
| 7 | ശ്രീ അനു സന്തോഷ്, മഹാദേവർ കോളനി, കല്ലേലിഭാഗം | 30.10.21 | 3,00,000/- |
| 8 | ശ്രീമതി സരോജിനി രാഘവൻ, നാലുതെങ്ങിൽ വീട്, തൊടിയൂർ നോർത്ത് | 13.06.22 | 40,000/- |
| 9 | ശ്രീമതി ഇന്ദിരാ പാച്ചൻ, കോട്ടപ്പുറത്ത് വീട് | 12.10.22 | 2,00,000/- |
| 10 | ശ്രീമതി മിനി ചന്ദ്രൻ, പുതുശ്ശേരി വടക്കേത്തറ | 24.3.23 | 3,00,000/- |
| 11 | ശ്രീമതി ലതാ ശിവാനന്ദൻ, കാവിന്റെ പടീറ്റതിൽ | 14.07.23 | 40,000/- |
| 12 | ശ്രീമതി മഞ്ജു അനീഷ് , പ്രിയമാനസം | 28.02.23 | 3,00,000/- |
| 13 | ശ്രീ വാസുദേവൻ, ശാന്താലയത്ത് കിഴക്കതിൽ | 28.02.23 | 40,000/- |
| 16 | ശ്രീമതി ആര്യ സുരേന്ദ്രൻ, ഷിബു ഭവനം | 08.03.23 | 2,00,000/- |
| 17 | ശ്രീമതി അനിത ജെ, പൊടിയൻ, വാരിക്കോലിൽ | 20.03.23 | 40,000/- |
| 18 | ശ്രീമതി സുഷമ തുളസീധരൻ, കണ്ണംകുളത്ത് തറയിൽ | 28.03.23 | 40,000/- |
| 19 | ശ്രീ ജയകുമാർ തങ്കപ്പൻ, കാവിന്റെ തെക്കതിൽ | 29.03.23 | 40,000/- |
| 20 | ശ്രീമതി രഞ്ജിനി, അജയൻ, അജയഭവനം | 10.05.22 | 40,000/- |
| 21 | ശ്രീമതി മഞ്ജു, ഷിജു, കാവിന്റെ തെക്കതിൽ | 10.05.23 | 40,000/- |
| 22 | ശ്രീമതി രാധിക പി , മനു, അശ്വതി നിലയം | 10.06.23 | 40,000/- |
| 23 | ശ്രീമതി ദീപിക, വർഷ ഭവനം | 10.06.23 | 2,00,000/- |
| 24 | ശ്രീമതി ശോഭന ദേവരാജൻ, വരമ്പേൽ പുത്തൻവീട് | 10.06.23 | 40,000/- |

| | | | |
|---|---|---|---|
| 25 | ശ്രീമതി രാധാമണി സുകുമാരൻ, മഹാദേവർ കോളനി | 07/2023 | 40,000/- |
| 26 | ശ്രീമതി മിനി അജയകുമാർ, ആര്യ ഭവനം | 08/2023 | 40,000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പ്രോജക്ടുകൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തവർ ഉണ്ടെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് വർക്ക് -വിനിയോഗസർട്ടിഫിക്കറ്റ്,നിർവ്വഹണഏജൻസിയുമായിട്ടുള്ള കരാർ രേഖകൾ എന്നിവ ഹാജരാക്കിയില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം, പേര് | 188/25, ഗവ.ആയുർവ്വേദ ആശുപത്രി കുഴൽ കിണർ നിർമ്മാണം | 50/25, ഗവ.ആയുർവ്വേദ ആശുപത്രി കുഴൽ കിണർ നിർമ്മാണം | 128/25, വാർഡ് 10,12 കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ തുക | 536000/-CFC | 576000/-CFC | 600000/-(വികസനഫണ്ട്) |
| ചെലവ് തുക | 536000 (Sanction No447/4.12.24,454/4.12.24) | 576000/- (Sanction No469/11.12.24) | 600000/- (ബിൽ നം 1001299/9.12.24 |

ഗവ.ആയുർവ്വേദ ആശുപത്രിക്ക് കുഴൽ കിണർ നിർമ്മാണത്തിനായി 188/25, 50/25 എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഭൂജലവകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 1112000/- രൂപയും 128/25 പ്രോജക്ട് പ്രകാരം 10, 12 വാർഡുകളിൽ കുഴൽ കിണർ നിർമ്മാണത്തിനായി 31.10.23ലെ ജി.കെ.റ്റി2380/23 നം. എസ്റ്റിമേറ്റ് പ്രകാരം 600000/- രൂപയും (23-24 സാമ്പത്തിക വർഷം 1489295 രൂപ അടവാക്കിയിട്ടുണ്ട്.) ഭൂജലവകുപ്പിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ സർട്ടിഫിക്കറ്റ്, ടി സ്ഥാപനവുമായി കരാർ വച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ധനകാര്യ (എസ്.എഫ്.സി-സെൽ.എ.) വകുപ്പിന്റെ സ.ഉ.കൈ.നം 38/23 ധന തീ.9.3.23 നം ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ ഉൾപ്പെടെയുള്ള എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതാണെന്നും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചതിൽ ചെലവഴിക്കാത്ത തുക സംസ്ഥാന സഞ്ചിതനിധിയിൽ തിരിച്ചടയ്ക്കേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗേരഖ സ.ഉ.(കൈ) 84/2022/ത.സ്വഭ.വ, തീ. 19.04.2022 ഖ 12.2(ഡി)ii പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളിൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 17,12,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/18.09.25

തടസ്സപ്പെടുത്തിയ തുക 17,12,000-രൂപ

## 1-27 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചു

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ബിൽ നം. | ഇൻവോയ്സ് നം. |
|---|---|---|---|---|
| 147/25-പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (Spillover) | 384890-വികസനഫണ്ട് -ജനറൽ | 384890/- | 1478988/24.3.24-59446/- | LD/51575/2324/14.2.24-41889/- |
| | | | 129840/9.5.24-178104/- | LD/51670/2324/4.3.24-17547/- |
| | | | 129708/9.5.24-147340 | LD/51574/2324/14.2.24-178104/- LD51573/2324/14.2.24-147340/- |

2017-ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമാകുന്ന സാഹചര്യത്തിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടിഡിഎസ് നടത്തേണ്ടതാണ് എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം 50/2018-Central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ (147/25) പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും 384890/- രൂപ ചെലവഴിച്ച് ലെജൻഡറി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിൽ നികുതി ഒഴിച്ചുള്ള തുകയുടെ 2% തുകയ്ക്ക് തുല്യമായ തുക സ്രോതസ്സിൽ നിന്നും നികുതിയായി കുറവ് ചെയ്തതിന് ശേഷം തുക അനുവദിക്കേണ്ടതിന് പകരം മുഴുവൻ തുകയും നൽകി. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി, ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി ബാധകമായ

സാധനങ്ങൾ വാങ്ങുമ്പോൾ തുക 2.5 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ 2% ജി.എസ്.ടി-ടിഡിഎസ് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.21/18.9.25

**1-28 ജൽജീവൻ മിഷൻ അവലോകനം**

എല്ലാ ഗ്രാമീണ ഭവനങ്ങളിലേക്കും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക എന്നതോടൊപ്പം ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.
കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ.

ഗ്രാമപഞ്ചായത്തിൽ നിന്നും എൻക്വയറിക്ക് ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ, ജൽജീവൻ പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷം മുതൽ തൻവർഷം വരെ 15% സ്ഥാപനവിഹിതം ഒടുക്കുകയോ 10% ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. ജലജീവൻ പദ്ധതിക്കായി തുക ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് ഫണ്ട് ഉപയോഗിചച്ച് യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

കൂടാതെ എം.എൽ.എ യുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി തുക ലഭിച്ചിട്ടില്ല/ചെലവഴിച്ചിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.2/10.9.25

**1-29 ഹെൽത്ത് ഗ്രാന്റ് അവലോകനം**

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | 268341/- | 1373718/- | 582595/- | 2224654/- | 37451/- | 963482/- | 558660/- | 1559593/- | 665061 |
| 2 | Grant For Rural Health & Wellness Centres | 136927/- | 548831/- | 873680/- | 1559438/- | 129995 | 204241 | 338027/- | 672263/- | 887175/- |
| 3 | Construction Of Building To Health Sub Centres | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | 405268/- | 1922549/- | 1456275 | 3784092 | 167446 | 1167723 | 896687 | 2231856 | 1552236 |

Support For Diagnostic Infrastructure എന്നയിനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന് സ്കീം-3 പ്രകാരം ചെയ്യാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | | | 229013 | 229013/- |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | 37451 | 935902 | 329647 | 1303000/- |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ , റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | | | | |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | | | | |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | | 27580 | | 27580 |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | | | | |
| | ആകെ | 37451 | 963482 | 558660 | 1559593/- |

Grant For Rural Health & Wellness Centres എന്നയിനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | | | | |
| 2 | ഇന്റർനെറ്റ് ചാർജ് | | | | |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | | | | |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | | 12372 | | 12372 |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക, | 129995 | 191869 | 338027 | 659891 |
| | ആകെ | 129995 | 204241 | 338027 | 672263/- |

Construction Of Building To Health Sub Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | |
| 1 | Construction Of Building To Health Sub Centre. | - | - | - | 0 | 0 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഹെൽത്ത് ഗ്രാന്റിന്റെ വരവു ചെലവുകണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-2026 കാലയളവിലേക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പി.എച്ച്.സിക്ക് സ്വന്തമായ കെട്ടിടം പണിയുന്നതിനും, ലാബ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി ഉപയോഗിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.02/10.09.2025

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 03/24-18-9000/-<br>04/24-18-9000/-<br>05/24-18-9000/-<br>06/24-18-9000/-<br>07/24-18-9000/-<br>08/24-18-9000/-<br>09/24--18-9000/-<br>10/24-18-9000/-<br>11/24-18-9000/-<br>12/24-19-9500/-<br>01/25-18-9000/-<br>02/25-18-9000/- | 108500 | 108500 | 0 | |

(1-4-24 മുതൽ 31-3-25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ബാധകമല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | 0 | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 10.09.25 മുതൽ 11.09.25 വരെ | കെ.എസ്.എ.കെ.എൽ.എം.പി.8/2019/2025 തീയതി 15.10.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 750000/- | പാലിന് സബ്സിഡി | 750000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 15,00,000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 15,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,25,000/- | ലൈഫ് ഭവന നിർമാണം എസ് റ്റി | 2,25,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 40,54,32/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 40,54,32/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 90,29,40/- | ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ | 90,29,40/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 40000/- | ലൈഫ് ഭവന നിർമാണം എസ് റ്റി(SO) | 40000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 30,04,80/- | ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ | 30,04,80/- | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 416118/- | പാലിന് സബ്സിഡി | 416118/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 10,00,000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 10,00,000/- | 0 |
| നഗരസഞ്ചയ ഫണ്ട് | 2024-25 | 49,37,72/- | കാട്ടിൽക്കുളം നവീകരണം വാർഡ്- 21 നഗര സഞ്ചയാ പദ്ധതി | 49,37,72/- | 0 |
| നഗരസഞ്ചയ ഫണ്ട് | 2024-25 | 200000/- | ഗവ.ആയുർവേദാശുപത്രിയിൽ കുഴൽക്കിണർ നിർമ്മാണം | 200000/- | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്ററ് ഫിഫ്റ്റിംഗ് | 408/05.11.24<br>647/14.02,25<br>578/21.01,25<br>876/27.03.25 | 157214/-<br>തനത് ഫണ്ട് | 157214/- | 0 |
| ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം | -469/11.12.24 | 576000/- | -- | 576000/- |
| ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം | 447/04.12.24,454/04.12.24 | 536000/-<br>തനത് ഫണ്ട്-336000/-<br>നഗര സഞ്ചയ ഫണ്ട്-200000/- | - | 536000/- |
| ഭൂജല വകുപ്പ് | കുഴൽ കിണർ നിർമ്മാണം | (ബിൽ നം 1001299/9.12.24 | 600000/-<br>വികസന ഫണ്ട് | - | 600000/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ *1,95,18,289/- വരവുണ്ട്. മുൻബാക്കിയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല. ആയതിനാൽ മുന്നിരിപ്പ് ഉൾപ്പെടുത്തിയില്ല. 2024-25 വർഷം വായ്പ ഇനത്തിൽ 2,82,90,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെയുആർഡിഎഫ് സി ലോൺ | 19518289/- | 78187050/- | 7047459/- | - | 90657880/- |

* വാർഷിക ധനകാര്യ പത്രികയിലെ RP31 പ്രകാരമുള്ള 1,58,97,928/- രൂപയും സ്റ്റേറ്റ് ഷെയറിൽ തെറ്റായി ക്രഡിറ്റ് ആയ ലോൺ തുക 36,20,361/- രൂപയും ചേർന്ന തുകയാണ് 1,95,18,289/- രൂപ.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-2, 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം :

ഇല്ല.

ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 68459/- | ഡോ. ശ്രീകുമാർ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 15000/- | ശ്രീമതി അജിതാകുമാരി കെ., ഹെഡ്മിസ്ട്രസ് |
| 1-23 | 100000/- | ശ്രീ സി. ഡെമാസ്റ്റൻ, സെക്രട്ടറി |
| 1-26 | 1712000/- | ശ്രീ സി. ഡെമാസ്റ്റൻ, സെക്രട്ടറി |
| ആകെ | 1895459 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും ശ്രീ/ശ്രീമതി | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി ഡെമാസ്റ്റൻ, സെക്രട്ടറി | സെക്രട്ടറി തൊടിയൂർ ഗ്രാമപഞ്ചായത്ത് | ശ്രീ സി ഡെമാസ്റ്റൻ, ഡെൻസ് ഹൗസ്, കാട്ടിൽകടവ് (പിഒ), കരുനാഗപ്പള്ളി-690542 |
| ഡോ. ശ്രീകുമാർ എസ്., മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ തൊടിയൂർ ഗ്രാമപഞ്ചായത്ത് | 71A നീലാഞ്ജനം, എൻ.ടി.വി നഗർ,കടപ്പാക്കട പി.ഒ. |
| ശ്രീമതി അജിതാകുമാരി കെ., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് | പട്ടശ്ശേരിൽ പവിത്രം, ഇടക്കുളങ്ങര പി.ഒ. |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി-8/380(2)/18, തീയതി- 17/04/18 | 4 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി-8/380/(3)/18, തീയതി- 17/4/18 | 8 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി-8/380(4)/18, തീയതി- 17/04/18 | 7 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി-8/380(5)/18, തീയതി- 17/04/18 | 2 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി-8/380(6)/18, തീയതി- 17/04/18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി-8/380(7)/18, തീയതി- 17/04/18 | 3 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി-8/380(8)/18, തീയതി- 17/04/18 | 5 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി-8/380(9)/18, തീയതി- 17/04/18 | 2 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി-8/380(10) /18, തീയതി- 17/04/18 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി-8/380(11)/18, തീയതി- 17/04/18 | 5 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി-8/716(1)/19, തീയതി- 29/05/19 | 2 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി-8/716(2)/19, തീയതി- 29/05/19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി-8/716(3)/19, തീയതി- 29/05/19 | 5 |
| 2009-10 & 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി-8/716(4)/19, തീയതി- 29/05/19 | 8 |
| 2011-12 | കെ.എസ്.എ. കെ.എൽ.എം.പി8 /അദാലത്ത് 11-12/740/2022, തീയതി- 22.08.22 | 1 |
| 2012-13, 2013-14 | കെ.എസ്.എ. കെ.എൽ.എം.പി8 /അദാലത്ത് 2012-13, 13-14/740/2022, തീയതി-22.08.22 | 7 |
| 2014-15 | കെ.എസ്.എ. കെ.എൽ.എം.പി8 /അദാലത്ത് 2014-15/740/2022, തീയതി-22.08.22 | 11 |
| 2015-16 | കെ.എസ്.എ. കെ.എൽ.എം.പി8 /അദാലത്ത് 2015-16/740/2022, തീയതി-22.08.22 | 3 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി-8/1065/18, തീയതി- 26/06/18 | 4 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി-8/1428/19, തീയതി – 20.09.19 | 14 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം.പി8/412/2022, തീയതി – 17.03.2022 | 17 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം./പി8/949/21, തീയതി – 22.04.22 | 9 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി8/950/21, തീയതി – 19/01/2022 | 19 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി8/2040/2022, തീയതി – 22/03/2023 | എല്ലാ ഖണ്ഡികകളും |
| 2022-23 | കെ.എസ്.എ.കെ.എൽ.എം.പി8/1986/2023, തീയതി – 14/12/2023 | എല്ലാ ഖണ്ഡികകളും |
| 2023-24 | കെ.എസ്.എ.കെ.എൽ.എം.പി8/1975/2024, തീയതി – 06/01/2025 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2(1) dated 23-05-2025 and submitted on 03-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thodiyoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thodiyoor Grama Panchayat as on 31-03-2025

**Date: 15/10/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Thodiyoor Grama Panchayat for the Year 2024-2025.

**1.Major Observations**

NIL.

**2.Other Observations**

1. Key ratios and notes on accounts are not included in Annual Financial statement.
2. The Asset Register, Stock register and Advance register were not value based. So the accuracy of the values shown in the balance sheet and that of depreciation could not be verified.
3. Uncashed bills of Development Fund General has not been excluded from the ACR.
4.The ledger balances and the balances in the corresponding bank accounts related to that title does not match each other.

5. Loan Register not maintained properly.
6. An amount of Rs.11,36,000/- deposited in Ground Water department has not been entered in respective head of AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3
## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ,**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.